# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2868 10.03.2017-ൽ മറുപടിയ്ക്ക്**

## തീരദേശ വികസന പദ്ധതി

**ചോദ്യം**

ശ്രീ.ആർ. രാമചന്ദ്രൻ

**മറുപടി**

ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി):

എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ തീരദേശ വികസന പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ തീരദേശ വികസന പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

ബി) കിഫ്ബിയിൽ ഉൾപ്പെട്ടുത്തി കരുനാഗപ്പള്ളി മണ്ഡലത്തിൽ തീരദേശ വികസന ഏജൻസി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി കരുനാഗപ്പള്ളി മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ചെറിയഴീക്കൽ - 504.00 ലക്ഷം രൂപ
2. ഗവൺമെന്റ് ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, കുഴിത്തുറ - 480.00 ലക്ഷം രൂപ
3. ഡോ. വി.വി. വേലുക്കുട്ടി അരയൻ മെമ്മോറിയൽ ജി.ആർ.എഫ്.ടി.എച്ച്.എസ് പുനരുദ്ധാരണം - 275.00 ലക്ഷം രൂപ
4. പബ്ലിക് ഹെൽത്ത് സെന്റർ, ആലപ്പാട് ചുറ്റുമതിൽ നിർമ്മാണം - 42.00 ലക്ഷം രൂപ

**സെക്ഷൻ ആഫീസർ**

## അനുബന്ധം

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ തീരദേശ വികസന പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം.

**കൊല്ലം ജില്ലാ ഓഫീസ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ**

1. **അടുക്കള ഷെഡ് നവീകരണം** : കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഗവ; വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, ചെറിയഴീക്കൽ, ഗവ: എൽ.പി.എസ്, പാരത്തുരുത്ത് എന്നീ സ്കൂളുകളിലെ ഉച്ചഭക്ഷണം തയ്യാറാക്കുന്ന അടുക്കള ഷെഡ് നവീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടു ണ്ട്.

2. **കായിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി -**

   എ) ഗവ: ഫിഷറീസ് ഹൈസ്കൂൾ, കുഴിത്തുറ

   ബി) ഗവ: റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, കരുനാഗപ്പള്ളി

   സി) ഗവ: ഹൈസ്കൂൾ, ചെറിയഴീക്കൽ - സ്കൂളുകളിൽ കായിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടു ണ്ട്.

3. **ഗ്രാമപഞ്ചായത്ത് ഗ്രൗ ണ്ട് നവീകരണം**

   ആലപ്പാട് ഗ്രാമപഞ്ചായത്ത് - 14-ാം വാർഡ് -പാരതുരുത്ത് ഗ്രാമപഞ്ചായത്ത് ഗ്രൗ ണ്ട് നവീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4 **മത്സ്യത്തൊഴിലാളി പെൺകുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതി-** VIII, IX ക്ലാസ്സുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പെൺകുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. ആലപ്പാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 1 ൽ LED സ്ട്രീറ്റ് ലൈറ്റ് നിർമ്മാണം, വാർഡ് 15 ഡ്രെയിനേജ് നിർമ്മാണം

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

1. 2013-14 സാമ്പത്തിക വർഷത്തിൽ 13-ാം ധനകാര്യ കമ്മീഷൻ അവാർഡിലുൾപ്പെടുത്തി കരുനാഗപ്പള്ളി ഡോ. വി.വി. വേലുക്കുട്ടി അരയൻ മെമ്മോറിയൽ ജി.ആർ.എഫ്.ടി.എച്ച്.എസ്. പുനരുദ്ധാരണത്തിനായി 196.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പദ്ധതി പൂർത്തീകരിച്ചു.

2. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2014-15 ൽ ഉൾപ്പെടുത്തി ആലപ്പാട് മത്സ്യഗ്രാമത്തിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി പദ്ധതി നിർവ്വഹണം പൂർത്തീകരിച്ചു.

| | |
|---|---|
| കുടിവെള്ള പദ്ധതി | - 67.10 ലക്ഷം രൂപ |
| വൈദ്യുതീകരണം | - 60.00 ലക്ഷം രൂപ |
| ഹൈമാസ്റ്റ്ലൈറ്റ് (2 എണ്ണം) | - 16.00 ലക്ഷം രൂപ |
| പബ്ലിക് ടോയ്‌ലറ്റ് | - 10.00 ലക്ഷം രൂപ |
| ലൈബ്രറിസഹായം | - 41.00 ലക്ഷം രൂപ |

3. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ ആലപ്പാട് നെറ്റ് മെന്റിംഗ് യാർഡ് നിർമ്മാണം നടപ്പിലാക്കുന്നതിനായി 41.36 ലക്ഷം രൂപയുടെ ഭരണാനുമതി **നൽകി**

4. മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസന പദ്ധതി (2015-16) ൽ ഉൾപ്പെടുത്തി ആലപ്പാട് പാരത്തുരുത്ത് എൽ.പി. സ്കൂളിന് പുതിയ കെട്ടിട നിർമ്മാണത്തിനായി 153.00 ലക്ഷം രൂപയുടെ ഭരണാനുമതി **നൽകി**. ഏകദേശം 50% നിർമ്മാണ പ്രവർത്തനം ഇതിനോടകം പൂർത്തീകരിച്ചു.

**<u>തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ</u>**

| ക്രമ നമ്പർ. | പ്രവൃത്തിയുടെ പേര്. | ഭരണാനുമതിതുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1. | കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ ഡിവിഷൻ നമ്പർ 20 ലെ കുറിച്ചിത്തോട്ടിൽ ചെറിയ പാലം റോഡ്. | 12. | 19/12/2016 ൽ കരാർ വച്ചു. പ്രവൃത്തി 35% പൂർത്തീകരിച്ചു. മെയ് 2017ൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 2. | കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ കന്നേറ്റി മാർക്കറ്റ് കൊതുകു മുക്ക് റെയിൽവേ ലൈൻ റോഡ്. | 59 | 17/01/2017 ൽ കരാർ വച്ചു. പ്രാരംഭ പ്രവൃത്തികൾ നടന്നുവരുന്നു. 26/08/2017 ൽ പൂർത്തീകരിക്കാനാകും. |
| 3. | ആലപ്പാട് ഗ്രാമ പഞ്ചായത്തിലെ പാരതുരുത്ത് കോവണിപ്പാലം മുതൽ കൊടിയിൽ പുരയിടം വരെയുള്ള റോഡ്. | 22.00 | 03/06/2013 ൽ SE കരാർ വച്ചു. വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ മാറ്റാത്തതിനാൽ പ്രവൃത്തി ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞില്ല. |
| 4. | വാഴയത്ത് സുനാമി കോളനി മുതൽ പന്നിശ്ശേരി മുക്ക് റോഡ്. | 12 | കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിച്ചപ്പോൾ ഓട നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് നാട്ടുകാർ പണി തടഞ്ഞതിനാൽ Closure Agreement വെക്കുകയും തുടർന്ന് 21 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |
| 5. | ക്ലാപ്പന പഞ്ചായത്തിലെ ഒന്നാം വാർഡിലെ എസ്.കെ ഭവനം - ഫിഷ് ഫാം റോഡ്. | 50.80 | പ്രവൃത്തി 20/10/2016 ൽ പൂർത്തീകരിച്ചു. |
| 6. | കുലശ്ശേഖരപുരം പഞ്ചായത്തിലെ ഭഗവതി മുക്ക് ചെക്കാലയിൽ ജംഗ്ഷൻ റോഡ് | 17.40 | പ്രവൃത്തിയുടെ ദർഘാസ് പരിശോധിച്ചു വരുന്നു. |
| 7. | കണിയാം പറമ്പു മുക്ക് വാടൂർ സുനാമി കോളനി റോഡ്. | 21.75. | 01/03/2017 ൽ കരാറിലേർപ്പെട്ടു. 10/08/2017 ൽ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കാനാകും. |
| 8. | കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ ഡിവിഷൻ നമ്പർ രണ്ടിലെ കെന്നടി ജംഗ്ഷൻ വഴി മാമ്പൊഴിക്കുളം റോഡ്. | 65.00 | കരാർ വെയ്ക്കാനായി സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 9. | ആയിരം തെങ്ങ് റോഡ്. | 51.10 | 24/12/2016- ൽ ഭരണാനുമതി നൽകി. സാങ്കേതികാനുമതിക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. മാർച്ച് മാസം പകുതിയോടെ പ്രവൃത്തി ടെൻഡർ ചെയ്യുന്നതാണ്. |
| 10. | മണലാണ്ടി മുക്ക് - മുണ്ടകോട്ട മുക്ക് റോഡ്. | 62.60 | 04/01/2017 ൽ ഭരണാനുമതി നൽകി. സാങ്കേതികാനുമതിക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. മാർച്ച് മാസം പകുതിയോടെ പ്രവൃത്തി ടെൻഡർ ചെയ്യുന്നതാണ്. |
| 11. | കുലശ്ശേഖരപുരം പഞ്ചായത്തിലെ വാർഡ് നമ്പർ 23 ലെ താമര ജംഗ്ഷൻ മുതൽ കുറുങ്ങാട്ട് ജംഗ്ഷൻ വരെയുള്ള റോഡ്. | 37.60 | 04/01/2017 ൽ ഭരണാനുമതി നൽകി. സാങ്കേതികാനുമതിക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. മാർച്ച് മാസം പകുതിയോടെ പ്രവൃത്തി ടെൻഡർ ചെയ്യുന്നതാണ്. |

**സെക്ഷൻ ആഫീസർ**